D2/10087/13G

ജില്ലാ പോലീസ് ഓഫീസ്,
കാസറഗോഡ്, തീയതി: 07/13.

# ലേലപരസ്യം

കാസറഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ വിവിധ കാരണങ്ങളാൽ ബന്തവസ്സിൽ എടുത്തതും നാളിതുവരെ ഉടമസ്ഥത സംബന്ധിച്ച് ആരും അവകാശവാദം ഉന്നയിക്കാത്തതുമായ ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള വാഹനങ്ങൾ/വാഹനഭാഗങ്ങൾ കേരള പോലീസ് ആക്ടിലെ വകുപ്പ് 56 ഉപവകുപ്പ് 4 പ്രകാരം മേൽപ്പട്ടികയിൽ പരാമർശിച്ചിട്ടുള്ള സമയത്തും സ്ഥലത്തും വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു ഒരു മണിക്കൂർ മുമ്പ് മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രശീത് വാങ്ങേണ്ടതാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് തങ്ങൾ അടച്ച നിരതദ്രവ്യം സ്ഥലത്തുവെച്ചു തന്നെ തിരികെ നൽകുന്നതാണ്. ടെണ്ടർ നൽകാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത ടെണ്ടർ സീൽ ചെയ്ത കവറിൽ നേരിട്ടോ തപാൽ മുഖേനയോ 'ജില്ലാ പോലീസ് മേധാവി, കാസറഗോഡ്' എന്ന വിലാസത്തിൽ 26.07.13 തീയതി 4 മണിക്ക് മുൻപായി കിട്ടത്തക്ക വിധം അയക്കേണ്ടതാണ്. ടെണ്ടറിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും "ജില്ലാ പോലീസ് മേധാവി, കാസറഗോഡ്" എന്ന പേരിൽ എടുത്ത നിരതദ്രവ്യത്തിനുള്ള ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനു മുകളിൽ വാഹന ലേലത്തിനുള്ള ടെണ്ടർ - വാഹന നമ്പർ ........... എന്നു വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ നൽകിയിട്ടുള്ളവർ ലേലസ്ഥലത്ത് നിർദ്ദിഷ്ട സമയത്ത് തന്നെ ഹാജരായിരിക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ തന്നെ ടെണ്ടർ തുറക്കുന്നതും ലേലത്തിലോ/ ടെണ്ടറിലോ കൂടുതൽ തുക കാണിക്കുന്നയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതുമാണ്. വാഹനം ലേലത്തിനെടുത്ത ആൾ ലേലം/ടെണ്ടർ തുകയും നിയമാനുസൃത നികുതിയുമടക്കം വരുന്ന തുക (നിരതദ്രവ്യം കഴിച്ച്) ലേലസ്ഥലത്ത് തന്നെ അടച്ച് രശീത് വാങ്ങേണ്ടതും ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവു കിട്ടുന്ന മുറയ്ക്ക് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതു മുൻലേലക്കാരനിൽ

നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻലേലക്കാരൻ അവകാശി അല്ലാത്തതുമാണ്.

മേൽപ്പറഞ്ഞ വാഹനങ്ങൾ ലേലത്തീയതിക്ക് മുമ്പുള്ള 10 പ്രവർത്തി ദിവസങ്ങളിൽ സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്നു തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം/ടെണ്ടർ മാറ്റിവെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കാസറഗോഡ് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

ലേലം കൊണ്ട വാഹനങ്ങൾക്ക് നിയമപരമായ രേഖകൾ ലഭ്യമല്ലാത്തപക്ഷം ആയതു ലഭിക്കുന്നതിനു വേണ്ടി ഈ നോട്ടീസ് പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് വാഹനം രേഖാമൂലം കൈപ്പറ്റി 30 ദിവസത്തിനകം മോട്ടോർ വെഹിക്കിൾസ് റൂൾസിലെ 57 (1)ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട ട്രാൻസ്പോർട്ട് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജില്ലാ പോലീസ് മേധാവി,
കാസറഗോഡ്.

പകർപ്പ്: എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, സിറ്റി പോലീസ് കമ്മീഷണർമാർക്കും, ബറ്റാലിയൻ കമാൻഡൻറുമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി.

: ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കാസറഗോഡിന് ആമുഖ കത്ത് സഹിതം.

: ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി.

: ഡി.വൈ.എസ്.പി. ഭരണം, മനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഡി.പി.ഒ. കാഷ്യർ എന്നിവരുടെ അറിവിലേക്കായി.

Mk 16/07/13

| ക്രമ നമ്പർ | വാഹനങ്ങളുടെ എണ്ണം | ലേല സ്ഥലം | ലേലത്തീയതി | സമയം |
|---|---|---|---|---|
| 1. | 1 | കുമ്പള പി.എസ്. പരിസരം | 29.07.13 | 11 am |
| 2. | 47 | കാസറഗോഡ് പി.എസ്. പരിസരം | 31.07.13 | 11 am |
| 3. | 16 | ബദിയടുക്ക പി.എസ്. | 04.08.13 | 11 am |
| 4. | 1 | ആദൂർ സ്റ്റേഷൻ | 02.08.13 | 11 am |
| 5. | 18 | ബേക്കൽ പി.എസ്. | 30.07.13 | 11 am |
| | 23 (സ്ക്രാപ്പ് വാഹനങ്ങൾ) | ബേക്കൽ പി.എസ്. | | |
| 6. | 56 | ഹോസ്ദുർഗ്ഗ് പി.എസ്. | 09.08.13 | 11 am |
| 7. | 13 | നീലേശ്വരം പി.എസ്. | 10.08.13 | 11 am |
| 8. | 3 | ചന്തേര പി.എസ്. | 05.08.13 | 11 am |
| 9. | 3 | ചിറ്റാരിക്കൽ പി.എസ്. | 07.08.13 | 11 am |
| 10. | 1 | വെള്ളരിക്കുണ്ട് പി.എസ്. | 01.08.13 | 11 am |
| 11. | 7 | രാജപുരം പി.എസ്. | 03.08.13 | 11 am |
| 12. | 6 | വിദ്യാനഗർ പി.എസ്. | 06.08.13 | 11 am |
| 13. | 29 | ട്രാഫിക് പി.എസ്. | 08.08.13 | 11 am |

**<u>Endt. No. D2-10087/2013/G Dtd. 17-07-13</u>**

Copy forwarded to All District Police Chiefs, Commandants and all officers in Kasaragod District for information and wide Publicity.

**Junior Superintendent,**
**District Police Office, Kasargod**

iAPS Internal Administrative Processing System KERALA POLICE